Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Janambhumi
**Edition**: Kochi
**Date**: 15.10.2014
**Page**: 8
**Headline**: TCS Quiz:  Loyola School Thiruvananthapuram wins

# ടിസിഎസ് ഐടി വിസ് ക്വിസ്: ലയോള സ്കൂൾ വിജയികൾ



**ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിന് സമ്മാനിക്കുന്നു**

**കൊച്ചി:** ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം. ദേശീയ തലത്തിൽ നടക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ ലയോള കേരളത്തെ പ്രതിനിധീകരിക്കും. മത്സരത്തിൽ 1300ലേറെ കുട്ടികൾ പങ്കെടുത്തിരുന്നു.

Coverage Report: TCS IT Wiz – pre and Post-event Kochi

**Publication:** Janmabhumi
**Edition**: Kochi
**Date:** 30.9.2014
**Page:** 08
**Headline:** TCS IT Wiz 2014 Kochi edition contest on October 14th

# ടിസിഎസ് ഐടി വിസ് 2014 കൊച്ചി എഡിഷൻ മത്സരങ്ങൾ ഒക്ടോബർ 14-ന്

കൊച്ചി: ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം ഒക്ടോബർ 14-ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും.

എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ, (പ്രീ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല. രണ്ട് അംഗങ്ങൾ അടങ്ങിയതാണ് ഒരു ടീം. ഒരു സ്ഥാപനത്തിൽ നിന്ന് പത്തു ടീമുകൾക്കുവരെ പങ്കെടുക്കാം.

ഒക്ടോബർ പതിനൊന്നിനു മുമ്പായി കെ.എസ്. ധന്യ, ഐടി വിസ് കോർഡിനേറ്റർ, ഹ്യൂമൻ റിസോഴ്സസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽ ആന്റ് ടി ടെക് പാർക്ക് ലിമിറ്റഡ്, ഇൻഫോ പാർക്ക്, കുസുമഗിരി പോസ്റ്റ്, കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ പേരു നല്കണം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന്: ww.tcsitwiz.com. ടിറ്റർ: @TCSITWiz. കൂടുതൽ വിവരങ്ങൾ 09847895551 എന്ന മൊബൈൽ നമ്പരിൽനിന്നു ലഭിക്കും. എഴുത്തുപരീക്ഷയിൽ മുന്നിലെത്തുന്ന ആറ് ടീമുകൾ റീജണൽ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടും. ഓരോ സ്കൂളിൽനിന്നും ഏറ്റവും മുന്നിലെത്തുന്ന ടീമിനെ മാത്രമേ മത്സരത്തിനായി വേദിയിലേയ്ക്ക് വിളിക്കുകയുള്ളൂ. റീജണൽ മത്സരത്തിൽ വിജയികളാകുന്നവർക്ക് ഡിസംബറിൽ നടക്കുന്ന മെഗാ ഫൈനൽ മത്സരത്തിൽ യുഎഇ ടീമിനൊപ്പം പങ്കെടുക്കാം.

ഇന്ത്യയിൽ കൊച്ചി, അഹമ്മദാബാദ്, ബംഗളൂരു, ഭുവനേശ്വർ, ചെന്നൈ, കോയമ്പത്തൂർ, ദൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊൽക്കൊത്ത, ലക്നോ, മുംബൈ, നാഗ്പൂർ, പൂന എന്നിങ്ങനെ പതിന്നാല് സ്ഥലങ്ങളിലാണ് ടിസിഎസ് ഐടി വിസ് മത്സരങ്ങൾ നടക്കുന്നത്.

റീജണൽ മത്സരത്തിൽ വിജയികളാകുന്നവർക്ക് ഐപാഡ് എയർ സമ്മാനമായി ലഭിക്കും രണ്ടാം സ്ഥാനം നേടുന്നവർക്ക് ഐപാഡ് മിനിയാണ് സമ്മാനം. കൂടാതെ വിജയികൾക്ക് പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രോഫിയും മെഡലുകളും ലഭിക്കും. ഫൈനലിലെത്തുന്ന ആറ് ടീമുകൾക്ക് സ്പേയ്സ് പായ്ക്ക്, സിപ്പേഴ്സ്, ഇയർഫോൺ, യുഎസ്ബി പെൻ ഡ്രൈവ്, സ്പീക്കേഴ്സ് എന്നിങ്ങനെ ടിസിഎസ് നല്കുന്ന വിവിധ സമ്മാനങ്ങൾ ലഭിക്കും.